# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം : 619** — **09.07.2014 ൽ മറുപടിയ്ക്ക്**

## സ്വതന്ത്രമായി വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സൗരോർജ്ജ യൂണിറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി ശൃംഖലയുമായി ബന്ധിപ്പിക്കാതെ സ്വതന്ത്രമായി വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സൗരോർജ്ജ യൂണിറ്റുകൾക്ക് പ്രോത്സാഹന സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;<br><br>(ബി) ഇതിനായി വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ എന്തെല്ലാം നടപടികളാണ് നിർദ്ദേശിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;<br><br>(സി) പ്രസ്തുത യൂണിറ്റുകൾക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) യും (ബി) യും (സി) യും<br>ഉണ്ട്. വൈദ്യുതി വിതരണ ശൃംഖലയുമായി ബന്ധപ്പെടുത്താതെ സ്വതന്ത്രമായി പ്രവർത്തിക്കുന്ന സൗരോർജ്ജ സംവിധാനങ്ങൾ ഉല്പാദിപ്പിക്കുന്ന ഒരു യൂണിറ്റ് സൗരോർജ്ജ വൈദ്യുതിക്ക് ഒരു രൂപ വീതം ഇൻസെന്റീവ് ആയി നൽകുന്ന കാര്യം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ പരിഗണനയിലാണ്. ഇതിനായി ഒരു ഡിസ്കഷൻ പേപ്പർ കമ്മീഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ഇതിനെക്കുറിച്ച് പൊതുജനങ്ങളുടെ അഭിപ്രായം ആരായുകയും ചെയ്തിട്ടുണ്ട്. 13.07.2014 ന് മുമ്പ് അഭിപ്രായങ്ങൾ കമ്മീഷനെ അറിയിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. പൊതുജനങ്ങളുടെ അഭിപ്രായം കൂടി പരിശോധിച്ച ശേഷം കമ്മീഷൻ യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.<br>വൈദ്യുതി ശൃംഖലയുമായി ബന്ധിപ്പിക്കാതെ സ്വതന്ത്രമായി വൈദ്യുതി ഉത്പാദിപ്പിക്കുന്ന സൗരോർജ്ജ വൈദ്യുത പ്ലാന്റുകളുടെ വ്യാപനം പ്രോത്സാഹിപ്പിക്കുന്നതിനായി അനെർട്ട് 10000 സൗരഗൃഹ പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. വീടുകളുടെ മേൽക്കൂരകളിൽ ഒരു കിലോവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ വൈദ്യുത പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് സബ്സിഡി നിരക്കിൽ 10,000 റൂഫ്ടോപ്പ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) പ്രോത്സാഹനങ്ങൾ നൽകാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ? | (ഡി) ഇതു സംബന്ധിച്ച് നടപടികൾ ആയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**